# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 144 * 11.08.2017-ൽ മറുപടിക്ക്

## തുറമുഖ മേഖലയിൽ പരമ്പരാഗത മണൽ വാരൽ നയം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.കെ. ആൻസലൻ,**<br>**,, ബി. സത്യൻ,**<br>**,, എം. രാജഗോപാലൻ,**<br>**,, ജോൺ ഫെർണാണ്ടസ്** | | **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി**<br>**(തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി)** |
| (എ) | സംസ്ഥാനത്ത് തുറമുഖമേഖലയിൽ പരമ്പരാഗത മണൽ വാരൽ (മാന്വൽ ഡ്രെഡ്ജിംഗ്) നയം രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (എ) യും (ബി) യും | തുറമുഖ മേഖലയിൽ 09/02/2017-ലെ സ.ഉ.(കൈ) നമ്പർ 2/2017/മത്സ്യ ഉത്തരവ് പ്രകാരം മാന്വൽ ഡ്രഡ്ജിംഗ് നയം സർക്കാർ അംഗീകരിച്ചിട്ടുണ്ട്. തുറമുഖ പരിധിയിലെ തദ്ദേശ വാസികളായ മണൽ വാരൽ തൊഴിലാളികളെ ഉപയോഗിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മാന്വൽ ഡ്രഡ്ജിംഗ് നടത്തുന്നതിനാണ് ഈ നയം വിഭാവനം ചെയ്തിരിക്കുന്നത്. ഇത്തരത്തിൽ ഡ്രഡ്ജ് ചെയ്ത് ലഭിക്കുന്ന മണൽ സർക്കാർ നിശ്ചയിച്ച് നൽകിയിട്ടുള്ള വിലയ്ക്ക് തുറമുഖ വകുപ്പിന്റെ ഓൺലൈൻ സംവിധാനത്തിലൂടെ വിപണനം നടത്തുന്നതാണ്. |
| ബി) | എങ്കിൽ ഇതു സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | | |
| (സി) | നിലവിൽ മാന്വൽ ഡ്രെഡ്ജിംഗ് നടത്തുന്നത് ആരാണെന്നും പുതിയ നയം പ്രാബല്യത്തിൽ വരുന്നതോടെ ഇത് ആരെ ഏൽപ്പിക്കാനാണുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ; | (സി) | 31/03/2017 വരെ സഹകരണ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത സഹകരണ സംഘങ്ങളാണ് തുറമുഖ പരിധിയിലെ മാന്വൽ ഡ്രഡ്ജിംഗ് നടത്തിയിരുന്നത്. 09/02/2017-ലെ സ.ഉ.(കൈ) നമ്പർ 2/2017/മത്സ്യ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈ സാമ്പത്തിക വർഷം മുതൽ അതത് തുറമുഖ പരിധിയിൽ വരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തദ്ദേശീയരായ മണൽ വാരൽ തൊഴിലാളികളെ രജിസ്റ്റർ ചെയ്ത് അവർ മുഖാന്തിരം മാന്വൽ ഡ്രഡ്ജിംഗ് നടത്തുന്നതിനാണ് നിർദ്ദേശിച്ചിരിക്കുന്നത്. തുറമുഖ വകുപ്പിന്റെ ഓൺലൈൻ സംവിധാനത്തിലൂടെ വില്പന നടത്താനാണ് ഉത്തരവായിരിക്കുന്നത്. |
| (ഡി) | ഇപ്രകാരം ലഭിക്കുന്ന മണൽ, നിർമ്മാണ പ്രവർത്തനങ്ങൾക്ക് അതേപടി ഉപയോഗിക്കാൻ | (ഡി) | മാന്വൽ ഡ്രഡ്ജിംഗിലൂടെ ലഭിക്കുന്ന മണൽ ശുദ്ധീകരിക്കുന്നതിനു വേണ്ടി ഓപ്പൺ ടെൻഡർ മുഖാന്തിരം കരാറുകാരെ |

| | | | |
|---|---|---|---|
| | സാധ്യമല്ലാത്തതിനാൽ ഇത് ശുദ്ധീകരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | | കണ്ടെത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കുന്നുണ്ട്. പൊന്നാനി തുറമുഖത്ത് പൊതുസ്വകാര്യ പങ്കാളിത്തത്തോടു കൂടി വ്യാവസായികാടിസ്ഥാനത്തിൽ മണൽ ശുദ്ധീകരിക്കുന്നതിന് രാജധാനി മിനറൽസ് എന്ന സ്ഥാപനവുമായി സർക്കാർ കരാറിലേർപ്പെട്ടിട്ടുണ്ട്. രാജധാനി മിനറൽസിന്റെ മണൽ ശുദ്ധീകരണ ശാല 2017 മേയ് മാസം മുതൽ കുറ്റിപ്പുറം കിൻഫ്ര പാർക്കിൽ പ്രവർത്തനം ആരംഭിച്ചു. |

**സെക്ഷൻ ഓഫീസർ**